"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയിരിക്കവേ 22/04/2023-ന് മരണപ്പെട്ട പത്മലത.വി യുടെ ചികിത്സയ്ക്കായി 28/03/2022 മുതൽ 01/07/2022 വരെ ചെലവായ തുകയുടെ മെഡിക്കൽ റീ-ഇംപേഴ്സ്മെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇആർബി) വകുപ്പ്**

സ.ഉ.(കൈ) നം.55/2026/LSGD തീയതി,തിരുവനന്തപുരം, 16-02-2026

---

പരാമർശം:-

1. ശ്രീമതി.പത്മലത.വി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I സമർപ്പിച്ച 16/09/2022-ലെ അപേക്ഷ.
2. ഗ്രാമവികസന കമ്മീഷണറുടെ 19/02/2022-ലെ CRD/5233/ 2022-ESTT-C1 നമ്പർ കത്ത്.
3. ശ്രീ. പി. കെ. ആനന്ദകൃഷ്ണൻ ബഹു. കേരള മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച 19/12/2025- ലെ അപ്പീൽ ഹർജി

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയ ശ്രീമതി.പത്മലത.വി യുടെ പാൻക്രിയാറ്റിക് ക്യാൻസർ ചികിത്സയ്ക്കായി 28/03/2022 മുതൽ 01/07/2022 വരെ വരെ കോഴിക്കോട് എം. വി. ആർ ക്യാൻസർ സെന്റർ ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചെലവായ 3,39,157/- രൂപയ്ക്ക് മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരാമർശം (1) പ്രകാരം ടിയാൾ സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു. സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രികളിലെ ചികിത്സാചെലവ് പ്രതിപൂരണം ചെയ്ത് നൽകാനാവില്ലെന്ന സർക്കാറിന്റെ ധനദൃഢീകരണ മാർഗ്ഗങ്ങളുടെ ഭാഗമായി പുറപ്പെടുവിച്ച 12.06.2020 -ലെ 34/2020/ധന നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അപേക്ഷ നിരസിക്കുകയുണ്ടായി. ശ്രീമതി. പത്മലത.വി-യുടെ മരണശേഷം ടിയാളുടെ ഭർത്താവ്, ശ്രീ.ആനന്ദകൃഷ്ണൻ പി.കെ. പരാമർശം (3) പ്രകാരം മരണപ്പെട്ട ശ്രീമതി. പത്മലത. വി-യുടെ പാൻക്രിയാറ്റിക് ക്യാൻസർ ചികിത്സയ്ക്ക് 28/03/2022 മുതൽ 01/07/2022 വരെ കോഴിക്കോട് എം. വി. ആർ ക്യാൻസർ സെന്റർ ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചെലവായ 3,39,157/- രൂപ (മൂന്നു ലക്ഷത്തി മുപ്പത്തിയൊൻപത് ആയിരത്തി ഒരുനൂറ്റി അൻപത്തിയേഴ് രൂപ) മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റായി അനുവദിച്ച് കിട്ടുന്നതിനായി സർ ക്കാരിൽ അപ്പീൽ ഹർജി സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I ആയിരിക്കവേ 22/04/2023-ന് മരണപ്പെട്ട പത്മലത. വി-യുടേത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ട് ടിയാളുടെ പാൻക്രിയാറ്റിക് ക്യാൻസർ ചികിത്സയ്ക്കായി കോഴിക്കോട് എം. വി. ആർ ക്യാൻസർ സെന്റർ ആൻഡ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ചെലവായ 3,39,157/- രൂപയിൽ ആരോഗ്യവകുപ്പ് ഡയറക്ടർ അനുവദനീയ തുകയായി ശിപാർശ ചെയ്യുന്ന തുകയുടെ 80% ടിയാളുടെ അവകാശികൾക്ക് (ശ്രീമതി.പത്മലത മരണപ്പെട്ടതിനാൽ) അനുവദിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

1) ശ്രീ. ശ്രീ. പി. കെ. ആനന്ദകൃഷ്ണൻ, "ആനന്ദം" , ആന്തൂർ, പറശ്ശിനികടവ് പി. ഒ, കണ്ണൂർ -670563.
2) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
(ബില്ലുകളും രേഖകളും സഹിതം)
3) അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, കല്യാശ്ശേരി, കണ്ണൂർ ജില്ല.
4) അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളാ, തിരുവനന്തപുരം
5) പൊതു ഭരണ (എസ് സി) വകുപ്പ് (ഇനം. നം. 3682 തീയതി 13/02/2026)
6) വിവരപൊതു ജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ഡിപ്പാർട്ട്മെന്റ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 16-02-2026 16:47:06

സെക്ഷൻ ഓഫീസർ